**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4984** **23.03.2018 ൽ മറുപടിയ്ക്ക്**

വനഭൂമി കയ്യേറ്റം

| ചോദ്യം<br>ശ്രീ.കെ. ബാബു | മറുപടി<br>ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) വനഭൂമി കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (എ) വനഭൂമി കയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചുവരുന്നു. വനസംരക്ഷണത്തിനും, വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ് തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു. |
| (ബി) വനഭൂമി കയ്യേറ്റം തടയുന്നതുമായി ബന്ധപ്പെട്ട് നെന്മാറ നിയോജക മണ്ഡലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) നെന്മാറ വനം ഡിവിഷനിൽ വനഭൂമി കയ്യേറ്റം തടയുന്നതുമായി ബന്ധപ്പെട്ട് വനാതിർത്തികളിൽ സ്ഥിരം ജണ്ടകൾ നിർമ്മിക്കുകയും കാര്യക്ഷമമായ ഫീൽഡ് പരിശോധനകൾ നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) പ്രസ്തുത നിയോജക മണ്ഡലത്തിലെ വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് 19 കേസ്സുകളാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ